# ZEITGEIST

SPIRIT OF TIMES



DEPARTMENT OF HISTORY
ZAMORIN'S GURUVAYURAPPAN COLLEGE

DEPARTMENT OF HISTORY

# ZGC CALICUT



ഓരോ പടികളും ചരിത്രങ്ങളാണ്.
വിജയങ്ങളുടെ.... പരാജയങ്ങളുടെ...
സ്നേഹത്തിന്റെ.. സൗഹൃദത്തിന്റെ..

എ. പ്രദീപ്കുമാർ
(കോഴിക്കോട് നോർത്ത്)
മെമ്പർ
കേരള നിയമസഭ
'നീലാംബരി'
പി. ഒ. വെസ്റ്റ്ഹിൽ
കോഴിക്കോട്-5

# ആശംസ

കോഴിക്കോട് നഗരത്തിലെ വിദ്യാഭ്യാസ മേഖലയ്ക്ക് ശ്രദ്ദേയമായ സംഭാവനകൾ നൽകിയ വിദ്യാഭ്യാസ സ്ഥാപനമാണ് സാമൂതിരിയുടെ ഗുരുവായൂരപ്പൻ കോളേജ്. കോളേജിലെ ചരിത്ര വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ ഒരു ഡിജിറ്റൽ മാഗസിൻ നിർമ്മിക്കുന്നു എന്നറിഞ്ഞതിൽ അതിയായ സന്തോഷമുണ്ട്. ഭാവനാസമ്പന്നവും വൈവിധ്യ പൂർണ്ണവുമായ ഈ ആശയത്തിന് രൂപം നൽകിയ ചരിത്ര അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും പ്രവർത്തനങ്ങൾ അഭിനന്ദനാർഹമാണ്. വിദ്യാർത്ഥികളുടെ സർഗാത്മകത വിളിച്ചോതുന്ന ഈ ഡിജിറ്റൽ മാഗസിന് എന്റെ എല്ലാവിധ ആശംസകളും.



സ്നേഹപൂർവ്വം

എ.പ്രദീപ്കുമാർ.എം.എൽ.എ



**PK GOPI**
**Poet, Lyricist**

# ആശംസ

ലോകം മുഴുവൻ രോഗ ഭീതിയിൽ തളയ്ക്കപ്പെട്ട അപരിചിതമായ ഒരനുഭവകാലത്തെ, മനുഷ്യരാശി എങ്ങനെ നേരിട്ടുവെന്നത് കർമ്മശേഷിയുടെയും സർഗ്ഗാത്മകതയുടെയും ചർച്ചാവിഷയമാവേണ്ടതാണ്. ഭീതിയും ഏകാന്തതയും ഉൽക്കണ്ഠയും നിറഞ്ഞ മനസ്സുകൾ അതിജീവനത്തിന്റെ അന്വേഷണങ്ങളിൽ മുഴുകിയ നാളുകൾ അക്ഷരങ്ങളിൽ പുനർജ്ജീവിക്കുമ്പോൾ പുതിയ ചിന്തകൾ പിറക്കും. മാനുഷികമായ തിരിച്ചറിവുകളിലേക്ക് മുന്നേറാൻ അത് പ്രേരണയാകും. ഗുരുവായൂരപ്പൻ കോളജ് ചരിത്ര വിഭാഗം വിദ്യാർത്ഥികളും അദ്ധ്യാപകരും പങ്കുചേർന്നൊരുക്കുന്ന ഡിജിറ്റൽ മാഗസിന് വിജയമാശംസിക്കുന്നു. കാലത്തിന്റെ പുതിയ വെല്ലുവിളികൾ ഏറ്റെടുക്കാനുള്ള പ്രാപ്തി കൈവരിക്കാൻ കഴിയുന്ന ഏതു നല്ല പ്രവർത്തനവും ശ്ലാഘനീയമാണ്.

കൂപ്പുകൈ .
സ്നേഹാദരങ്ങൾ



# ആശംസ

**Dr.MALINI PT**
**Principal, ZGC calicut**

പ്രിയപ്പെട്ടവരെ,

ചരിത്ര പുസ്തകങ്ങളിലൊന്നും കേട്ടറിവില്ലാത്ത, നിശ്ചലമായ ഒരു കാലത്തിലൂടെയാണ് 2020 കടന്നു പോയത്. നിസ്സഹായതയും അനിശ്ചിതത്വവും മാത്രം നിറഞ്ഞു നിന്നതായിരുന്നു ആ നാളുകൾ. അതിജീവനത്തിനായി സർഗ്ഗാത്മകതയെ കൂട്ടുപിടിച്ച ചരിത്ര വിദ്യാർത്ഥികളെ അഭിനന്ദിക്കുന്നു. ഈ ഡിജിറ്റൽ മാഗസിന്റെ ഓരോ പേജും സർഗാത്മകതയുടെ , അതിജീവനത്തിന്റെ ഉദാത്ത മാതൃകകളായി ചരിത്രം രേഖപ്പെടുത്തട്ടെ. എല്ലാ വിധ ആശംസകളും

# ആശംസ



**Dr. MALLIKA MG**
**HOD,Department Of Economics, ZGC Calicut**

പ്രതിസന്ധികളെ അതിജീവിക്കാനുള്ള കരുത്താണ് മനുഷ്യ വംശത്തിന്റെ നിലനില്പിന്റെ ആധാരം. അതിജീവിച്ചവരാണ് ചരിത്രം സൃഷ്ടിച്ചിട്ടുള്ളത്. സാമൂതിരി ഗുരുവായൂരപ്പൻ കോളജ് ചരിത്ര വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ ഇറക്കുന്ന ഇ-മാഗസിന് എന്റെ എല്ലാ വിധ ആശംസകളും . ഈ മഹാമാരിയുടെ കാലഘട്ടത്തിൽ ചെറുത്തു നില്പിനായുള്ള സർഗ്ഗാത്മക പോരാട്ടത്തിൽ ഏർപ്പെട്ടിട്ടുള്ള ചരിത്ര വിഭാഗത്തിന് ഹൃദയം നിറഞ്ഞ അഭിനന്ദനങ്ങൾ.

# ആശംസ



**TANUJA RAGHAVAN**
**HOD, Department Of Political science , ZGC Calicut**

ചരിത്ര വിദ്യാർത്ഥികൾ ഒരു ഡിജിറ്റൽ മാസിക പ്രകാശനം ചെയ്യാൻ ഉദ്ദേശിക്കുന്നു എന്നറിഞ്ഞത് വളരെയധികം സന്തോഷം നൽകിയ ഒരു നിമിഷമായിരുന്നു. അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും ചിന്തകളും കൃതികളും ഒരുമിച്ച് ചേരുന്ന ഈ പ്രവൃത്തി അഭിനന്ദനം അർഹിക്കുന്നു. ZEITGEIST എന്ന ശീർഷകം ഇന്ന് ലോകം കടന്നുപോകുന്ന ഈ പ്രത്യേക സാഹചര്യത്തിൽ വളരെ ശ്രദ്ധേയമാണ്.

സർഗ്ഗാത്മകതായെ പരിപോഷിപ്പിക്കുക എന്നത് ഒരു വിജയകരമായ വിദ്യാഭ്യാസത്തിന്റെ പ്രധാന ഘടകമാണ്. ഈ ഡിജിറ്റൽ മാഗസിൻ അത്തരമൊരു പ്രതിഫലനമാണ്. കഠിന പ്രയത്നത്തിലൂടെ സമയബന്ധിതമായി പ്രകാശനം ചെയ്യുന്ന ഈ മാസികയ്ക്ക് എന്റെ എല്ലാ വിധ അഭിനന്ദനങ്ങളും ആശംസകളും അറിയിക്കുന്നു.

# PILLARS OF STRENGTH



**Dr. MALINII PT**
**PRINCIPAL, ZGC Calicut**



**Smt.SREELATHA K**
**HOD,Department Of History**



**Smt. TANOOJA RAGHAVAN**
**HOD, Department of Political Science**



**Smt. SALEENA KK**
**Assistant Professor**
**Department Of History**



**Smt. PRASEETHA P**
**Assistant Professor**
**Department Of History**



**Dr. MAYADEVI M**
**Assistant professor**
**Department Of History**



**DHANESH V NAIR**
**Assistant Professor**
**Department Of History**

# അണിയറ







**AKASH M**
**Magazine Editor**


**IRFANA MAJIDA**
**Assistant Editor**

**FATHIMA RINSHA**
**Assistant Editor**

# സഹായികൾ



**ASWANI DAS**




**ANAMIKA**



**UNNIMAYA KP**



**SREEJITHA**



**AJANYA**

# സുവർണ്ണശോഭയുള്ള പവിത്രസ്ഥാനം



**Dr. SREESHAILAM UNNIKRISHNAN**
**Assistant Professor**
**Department Of Malayalam**

അതിപ്രൗഢമായ ഒരു മഹാ പാരമ്പര്യമാണ് കോഴിക്കോട് സാമൂതിരി ഗുരുവായൂരപ്പൻ കോളേജിലെ ചരിത്ര വിഭാഗത്തിനുള്ളത്. കേരള ചരിത്രത്തിനും വിശിഷ്യാ കോഴിക്കോടിന്റെ ചരിത്രത്തിനും അലഘുവായ സംഭാവനകൾ അർപ്പിച്ച ചരിത്ര പണ്ഡിതനായ പ്രൊഫ. കെ. വി.കൃഷ്ണയ്യർ, ചരിത്ര പഠനത്തിന് അക്കാദമികമായ പുതിയ തലങ്ങൾ നൽകിയ ഡോ.എം.ജി.എസ്. നാരായണൻ എന്നീ ഗുരുനാഥന്മാരുടെ പവിത്ര സാന്നിധ്യം കൊണ്ട് ദീപ്തമാണ് ചരിത്ര വിഭാഗം. ചരിത്രം ഭൂതകാലത്തെ കുറിച്ചുള്ള കേവല വിശകലനം മാത്രമല്ലെന്ന് ഗ്രന്ഥരചനയിലൂടെയും കിടയറ്റ അധ്യാപങ്ങളിലൂടെയും സാക്ഷ്യപ്പെടുത്തിയ അറിവിന്റെ പ്രകാശ ഗോപുരങ്ങളായിരുന്നു  ഈ അദ്ധ്യാപകർ. അജ്ഞാത ങ്ങളായ ചരിത്ര മുഹൂർത്തങ്ങളെ കണ്ടെത്തിയവതരിപ്പിക്കുന്നതിൽ നിഷ്ണാതരായ ഈ പണ്ഡിത ചരിത്രകാരന്മാർ അളന്നുകുറിച്ചിട്ട വാക്കുകളിലൂടെ നമ്മുടെ ചരിത്ര വ്യാഖ്യാന ശ്രമങ്ങളെ അഭികാമ്യമായ പുതിയ ദിശകളിലേക്ക് നയിച്ചുവെന്ന യാഥാർത്ഥ്യം വേണ്ട വിധം വിലയിരുത്തപ്പെട്ടിട്ടില്ല. കേവലം അനുമാനങ്ങളെ അവതരിപ്പിക്കുകയല്ല മറിച്ച് ശാസ്ത്രീയമായും യുക്തി ഭദ്രമായും ചരിത്രത്തെ വ്യാഖ്യാനിക്കുകയും  വെളിപ്പെടുത്തിത്തരികയും ചെയ്യുന്ന ജ്ഞാനയജ്ഞത്തിലാണ് ജീവിതകാലം മുഴുവൻ അവരിരുവരും യത്നിച്ചത്. ചരിത്ര പഠനത്തിന്റെ അക്കാദമിക ചട്ടക്കൂടിനെ കാലാനുസൃതമായി നവീകരിക്കുവാനുള്ള ചുവടുകൾ വെക്കുവാനും ഈ ചരിത്ര വിശാരദന്മാർക്ക് സാധിച്ചു. ഐതിഹ്യനിഷ്ഠമായ സാമ്പ്രദായിക ചരിത്ര സങ്കല്പങ്ങളെ തള്ളിക്കളഞ്ഞ ചിന്താധീരതയുടെ ഉടമകളെന്ന നിലയിലും ഇരുവരും സമാരാധ്യരാണ്. മഹത്തായ ഈ പൂർവ പാരമ്പര്യത്തെ ഉൾക്കൊള്ളുവാനും ജ്ഞാനസമാർജ്ജന പ്രക്രിയയിലും ജ്ഞാനനിർമിതിയിലും പുതിയ വെളിച്ചങ്ങൾ പ്രസരിപ്പിക്കുവാനും ഗുരുവായൂരപ്പൻ കോളേജിലെ ചരിത്രവിഭാഗം നിരന്തരം യത്നിക്കുന്നുവെന്നത് ആഹ്ലാദപ്രദവും ശുഭോദർക്കവുമാണ്. അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും സമ്പൂർണമായ ഇടപെടൽ ഇതിന് കരുത്തേകുന്ന നിർണായകഘടകമത്രേ. ചരിത്ര വിഭാഗം പുറത്തിറക്കുന്ന ഡിജിറ്റൽ മാഗസിൻ ഈ നന്മയുടെ മുന്തിയ സാക്ഷ്യമാണ്. വിവരസാങ്കേതികവിദ്യയുടെ സഹായത്തോടെ ചരിത്രസ്പന്ദനങ്ങളുടെ അകക്കാമ്പിലേക്ക് ദൃഷ്ടി പായിക്കുവാനുള്ള ഈ നീക്കം നമ്മുടെ അറിവിന് പുതിയ പ്രതലങ്ങൾ സമ്മാനിക്കട്ടെ. എന്റെ ഹൃദയപൂർണമായ അഭിനന്ദനം. •

# നാന്ദി



കലാലയ ജീവിതം. സ്വപ്നങ്ങളുടെയും പ്രതീക്ഷകളുടെയും സൗഹൃദത്തിന്റെയും പ്രണയത്തിന്റെയും സംഗമസ്ഥാനം. ജീവിതത്തിലെ മനോഹര വസന്തകാലം..... എല്ലാത്തിനെയും പിന്തള്ളിയെത്തിയ കൊറോണയ്ക്ക് മുന്നിൽ മുട്ടുമടക്കാത്ത മനുഷ്യരാശിയുടെ പ്രതിഫലനമാണ് സാമൂതിരിയുടെ ഗുരുവായൂരപ്പൻ കോളേജിലെ ചരിത്ര വിഭാഗത്തിന്റെ ഡിജിറ്റൽ മാഗസിനായ ZEITGEIST.

ഒരു അദൃശ്യ ശക്തിയാൽ നമ്മൾ പാർശ്വവൽക്കരിക്കപ്പെടുമ്പോഴും അന്ധകാരത്തിന്റ മറനീക്കി, സാഹിത്യത്തിന്റെ വാതായനത്തിലൂടെ പറന്നുയർന്ന കലാസൃഷ്ടികളുടെ സംഗമസ്ഥാനമാണ് ഇവിടം. ഈ എളിയ സർഗപ്രക്രിയയ്ക്ക് സഹായമേകിയ ഏവർക്കും നന്ദി അറിയിച്ചു കൊണ്ട് ZEITGEIST സവിനയം സമർപ്പിക്കുന്നു.●

**AKASH M**
**magazine Editor**

# അകം





| | | |
|---|---|---|
| 18 | കൊറോണ | റിഷ്മ എം. പി |
| 23 | സ്മൃതികണം | ശ്രീദത്ത് പി.എസ് |
| 26 | ചിത | ശിശിര മുരുകേഷ് |
| 30 | തെരുവിലെ കിളവൻ | ജ്യോതിക |
| 34 | നിന്നെയോർത്ത് | ഫാത്തിമ റിൻഷ |
| 36 | മറവി | അക്ഷയ് വി പി |
| 39 | ഇന്നലെകൾ | ഷിൻഷമോൾ |
| 42 | ഞാൻ | ബിൻസിയ വി |
| 45 | ഇരുട്ട് | ജസ്നി എൻ. കെ |
| 47 | നിനക്കായ് | അശ്വതി |






| | | |
|---|---|---|
| 17 | പ്രിയപ്പെട്ട ഈശോ മിശിഹായ്ക്ക് | അഞ്ജന |
| 19 | അതിഥി | അജന്യ യു ജി |
| 46 | അകവും പുറവും | ഷാമിദ് കെ പി |
| 49 | തിരകൾക്കപ്പുറം | ആബിദ ജുമാന |




13 വർണങ്ങൾ ഒഴിഞ്ഞ കാമ്പസ് — ശ്രീലത കെ ( ചരിത്ര വിഭാഗം മേധാവി )
21 ഒരു കാട്ടുകോഴിയുടെ നിരീക്ഷണം — മുൻഷാർ ഹാറൂൺ
24 ഒരു ചായക്കഥ — അനാമിക വി
27 ഓർമ്മതൻ കോണിൽ — അശ്വനി ദാസ്
31 എന്നെ കണ്ടെത്തിയ നിമിഷം — നിഹാദ് കോട്ടലകത്ത്
37 ചരിത്രത്താളിലൂടെ — ഇർഫാന മാജിത
40 പ്രകൃതിയിലൂടെ — മുഹമ്മദ് സഹദ്




29 ആദിത്യ സി ടി
35 അവന്തിക പ്രമോദ്
43 ആനന്ദ് കൃഷ്ണ
44 ഉണ്ണിമായ കെ പി




48 സഫൂറ


# വർണങ്ങൾ ഒഴിഞ്ഞ ക്യാമ്പസ്



**SREELATHA K**
**HOD,Department Of History**

"എങ്കിലും
ഓർമ്മയുണ്ടോ
എന്നാണ് എവിടെ വച്ചാണ് നമ്മളാദ്യമായി കണ്ടതെന്ന്?
ഏത് വാക്കാണ് ആദ്യം മിണ്ടിയതെന്ന്?
ഏത് വിരലിലാണ് തൊട്ടതെന്ന്?
ഏത് മിഴിയിലാണ് നനഞ്ഞതെന്ന്?
ഏത് വെയിലിലാണ് കരിഞ്ഞതെന്ന്?
ഏത് പ്രകടനത്തിനിടയിലാണ് കൈകോർത്തതെന്ന്?
ഏത് ഘോഷയാത്രയിൽ വച്ചാണ് കൈ വേർപെട്ട്
സ്വയം നഷ്ടപ്പെട്ടതെന്ന്
ഓർമ്മയില്ലല്ലേ."


ആരവങ്ങളില്ലാത്ത ഏറെക്കുറെ മൂകമായ കലാലയ വീഥികളിലൂടെ നടന്നപ്പോൾ മോഹനകൃഷ്ണൻ കാലടി എഴുതിയ കവിതാ ശകലങ്ങൾ ഓർമയിൽ തെളിഞ്ഞു. എല്ലാ വർഷത്തെയും പോലെ ജൂൺ മാസം ഒന്നാം തിയതി കോളേജ് തുറന്നു. ചന്നം പിന്നം പെയ്യുന്ന മഴചാറലുകൾ വകവയ്ക്കാതെ കൂട്ടം കൂടി വരുന്ന കുട്ടികളില്ലാ



തെ, അവരുടെ  പാദസ്പർശമേൽക്കാൻ  ഭാഗ്യമില്ലാതെ നിശ്ചലമായി നിൽക്കുന്ന കലാലയം മനസ്സിന്റ കോണുകളിൽ ഒരു ചെറിയ നൊമ്പരം സൃഷ്ടിക്കുന്നത് തിരിച്ചറിഞ്ഞു. കോവിഡ് 19 എന്ന മഹാമാരിക്ക് മുന്നിൽ ലോകം മുഴുവൻ ഇന്ന് പകച്ചു നിൽക്കുമ്പോൾ അതിവേഗം പ്രയാണം തുടർന്നിരുന്ന ജീവിത നൗക മന്ദഗതിയിലാവുകയും ചില മേഖലകളെയെങ്കിലും നിശ്ചലമാക്കുകയും ചെയ്തു. ഒരു പക്ഷെ പ്രകൃതി തന്നെ നൽകുന്ന തിരിച്ചടികളാകാം ഇത് പോലെയുള്ള മഹാമാരികളും പ്രകൃതി ക്ഷോഭങ്ങളും. സ്വയം തിരിച്ചറിയാനും പൊയ്മുഖങ്ങൾ മാറ്റി പ്രകൃതിയോട് ഇണങ്ങി ജീവിക്കാനുമുള്ള ഒരു താക്കീതാകാം. മുഖത്തെ കാപട്യം മറയ്ക്കാൻ കാലം തന്നെ ഒരുക്കി തന്ന മാസ്ക്കുകൾ വയലാർ എഴുതിയ വരികളുടെ ഗൂഡാർത്ഥം ഇവിടെ അർത്ഥവത്താക്കുന്നു.

"ആയിരം മുഖങ്ങൾ ഞാൻ കണ്ടു
ആയിരവും പൊയ്മുഖങ്ങലായിരുന്നു
ആയിരം സ്വപ്നങ്ങൾ ഞാൻ കണ്ടു
ആയിരവും വിരഹങ്ങളായിരുന്നു"

സാങ്കേതിക വിദ്യ പുരോഗമിച്ച ഈ കാലഘട്ടത്തിൽ നൂതന പഠന മാർഗങ്ങളും ബദൽ സംവിധാനങ്ങളും അവലംബിക്കാൻ പ്രയാസങ്ങളില്ല. എന്നാലും യഥാർത്ഥ ഗുരു-ശിഷ്യ  ബന്ധം വിദ്യാർത്ഥികളും കലാലയവുമായുള്ള ഇഴകിചേരലുകൾ ഇതിന് പകരം വെക്കാൻ എന്തിനാകും. ഇത്തരം ചിന്തകൾ മനസ്സിനെ അലട്ടിയപ്പോൾ ഓൺലൈൻ ക്ലാസുകൾ എന്ന പ്രഹസ്സനം കഴിഞ്ഞ ശേഷം കാമ്പസിന്റെ മൗന സ്പന്ദ നങ്ങൾ ഏറ്റുവാങ്ങാനായി കാമ്പസിന്റ നഷ്ടങ്ങൾ, വ്യഥകൾ, മോഹഭംഗങ്ങൾ ഇവ പങ്കുവെക്കാനായി പുല്ലുകൾ നിറഞ്ഞ പാതയിലൂടെ പ്രയാണം ആരംഭിച്ചു.



പ്രകൃതിയും മനുഷ്യനുമായുള്ള ബന്ധത്തിന്റെ ആഴം ഒരു പക്ഷെ ഇത്തരം സന്ദർഭങ്ങളിലാണ് കൂടുതൽ തിരിച്ചറിയുന്നത്. ഹരിതാഭമായ കലാലയം തത്വചിന്തകനായ റൂസ്സോയുടെ Go Back To Nature. പ്രകൃതിയിലേക്ക് മടങ്ങൂ എന്ന ചിന്താസരണികളെ കൂടുതൽ ഉജ്ജ്വലമാക്കുന്നു. പ്രകൃതിയും മനുഷ്യരും അതു പോലെ ഗുരുവും ശിഷ്യനും തമ്മിലുള്ള നിത്യ നിർമലവും സൂഷ്മവുമായ അതീവ ശക്തിവത്തായ ബന്ധങ്ങളുടെ അനശ്വരത കൂടുതൽ തെളിഞ്ഞ് വരുന്നു. പ്രമാണ നിർദ്ധിഷ്ടമായ ഈ അതീത ശക്തികളുടെ സ്ഥാനത്ത് പകരം വയ്ക്കുന്നവയെല്ലാം അന്തസാരമില്ലാത്ത പതിരുകളാണെന്ന് തെളിഞ്ഞു വരുന്നു. ആധുനിക ലോകത്തെ പല ഭ്രമങ്ങളും ഒരു ഇന്ദ്രജാലമെന്ന പോലെ താത്കാലികമായ അത്ഭുതത്തെ ഉളവാക്കി അസത്യത്തിലേക്ക് ഒളിച്ചു പോകുകയും ചെയ്യുന്നു.

ഒരു ചരിത്ര സ്മാരകം കണക്കെ പൊക്കുന്ന് എന്ന ഹരിതാഭ ഭൂമിയിൽ തലയെടുപ്പോടെ നിൽക്കുന്ന ഗുരുവായൂരപ്പൻ കോളേജ് നഗരത്തിലെ മറ്റ് കോളേജിൽ നിന്നും വ്യത്യസ്തമാക്കുന്നത് എന്താണ് എന്ന ചിന്തക്കുള്ള ഉത്തരം ഈ വിജനമായ കാമ്പസ് തന്നെ മൗനമായി പറയുന്നത് പോലെ തോന്നി. ബോധി ചുവട്ടിലെ ബുദ്ധൻ പൂർണമായും ധ്യാനത്തിലാണ്ട് കഴിഞ്ഞു. കൈലാസത്തിലെ ഒറ്റമര ചുവട്ടിലെ കുയിലിന്റെ നാദം കുന്നിൻ ചെരുവുകളിൽ തട്ടി പ്രതിധ്വനിക്കുന്ന പോലെ..ഏറ്റു പാടാൻ ആരുമില്ല. ഓരോ മുക്കും മൂലയും നഷ്ട ബോധത്തിന്റെ പിടിയിൽ പൂർണ്ണമായും അമർന്നു കഴിഞ്ഞു. വർണ പൊലിമ നിറഞ്ഞ ഓണാഘോഷ പരിപാടികൾ,കോളേജ് ഇലക്ഷന്റെ ശബ്ദഘോഷങ്ങൾ, ചെറിയ കയ്യാങ്കളികൾ, പൊട്ടിച്ചിരികൾ ഒരു കുടക്കീഴിൽ ഒരു മരച്ചുവട്ടിൽ ഇടനാഴികളിൽ പതിഞ്ഞ പ്രണയ മർമരങ്ങൾ.... എല്ലാം അയവിറക്കി വിഷണ്ണയായി നിൽക്കുന്ന കാമ്പസിന്റെ ഹൃദയനൊമ്പരം മാറ്റാൻ ശ്രമിക്കുന്ന പ്രകൃതി. വരണ്ടുണങ്ങിയ നേർപാതകൾക്ക് നനുത്ത സ്പർശം നൽകികൊണ്ട് പെയ്യുന്ന ചാറ്റൽ മഴ, മൂകമായ വൃക്ഷ തണലുകളിൽ കിളികളുടെ കള കള കൂജന, കാട് പിടിച്ചു കിടക്കുന്ന ശീമക്കൊന്ന, തുമ്പ, മുക്കുറ്റി, ചെടികളിലൂടെ പാറി നടക്കുന്ന ചിത്രശലഭങ്ങൾ ഒരു പക്ഷെ പല വർണങ്ങളിൽ പാറി നടക്കുന്ന കാമ്പസിലെ യഥാർത്ഥ ഉടമകൾക്ക് പകരം വെക്കാൻ പ്രകൃതി നൽകുന്ന ഉപഹാരമാകാം ഇത്.



വർഷക്കാലത്ത്  പച്ച  പുതപ്പ്  അണിഞ്ഞും ശിശിരകാലത്ത്  കാട്ട് പുഷ്പങ്ങളുടെ ഗന്ധത്താലും മാർച്ച് മാസത്തിന്റെ അവസാനത്തിൽ മഞ്ഞ പൂക്കളാൽ പരവതാനി വിരിച്ചും പ്രകൃതിയെ അണിയിച്ചൊരുക്കുന്ന ഒരു കലാലയം. ഈ ഒരു അവസരത്തിൽ ഏതോ ഒരു കോളേജിലെ വിദ്യാർത്ഥികൾ അവരുടെ കൃഷി പരിപാടി നടത്താൻ ഇറങ്ങിയ വേളയിൽ ആലപിച്ച ഒരു ഗാനം ഓർമയിൽ വരുന്നു

"എനിമേലെനിമേൽ ഇന്ത്യ വിശപ്പിൻ
വിളി കേട്ടുഴറി വിറക്കില്ല
എനിമേലെനിമേൽ ഇന്ത്യ ജഗത്തിൻ
കനിവിനിരന്നു നടക്കില്ല"

ഇത് ആരുടെ വരികളാണെന്ന് വ്യക്തമല്ല. എവിടെയോ വായിച്ചു മറന്ന ഈ വരികൾ ഒരു പക്ഷെ ഒരു കാലഘട്ടത്തിൽ ശോഭീന്ദ്രൻ മാഷെ പൊലെ പ്രകൃതി സ്നേഹികളായ അദ്ധ്യാപകരുടെ ഒരു കൂട്ടം നയിച്ച വിദ്യാർത്ഥികളുടെ നാവിൽ നിന്നും ഉയർന്ന ഗാനമാണോ എന്ന സന്ദേഹം ഉയരുന്നു. നിങ്ങളുടെ അഭാവത്തിലും അണ്ണാറകണ്ണൻമാരും ചിത്രശലഭങ്ങളും പല വർണങ്ങളിലുള്ള കിളികളും  വണ്ടുകളും ശബ്ദരഹിതമായ കാമ്പസിനെ ഉണർത്താൻ അനുസൂതം യത്നിച്ചു കൊണ്ടിരിക്കുന്നു. എങ്കിലും ഒന്നിനും പകരം വെക്കാനില്ലല്ലോ നിങ്ങളുടെ കൊഞ്ചലുകൾക്കും പ്രണയ സല്ലാപങ്ങൾക്കും കുറുമ്പുകൾക്കും പകരമായി.പി. വി. ബാലകൃഷ്ണ മേനോൻ രചിച്ച പ്രേമ പാഠം എന്ന കവിതയിലെ ഏതാനും വരികൾ ഇവിടെ പ്രസക്തമാണെന്ന് അറിയുന്നു.

" ചേര മുറുവുകളാകെ യരുവിയിൽ ;
വാരാശി തേടുന്നു വൻ നടികൾ ;
സഞ്ചിതാവേശരായ്, സ്വർഗ സമീരണ-
സഞ്ചയം തങ്ങളിൽ സമ്മേളിപ്പൂ.
ഏകമായ് അന്യാവലംബന ശൂന്യമായ്,
ലോകത്തിലൊന്നുമേ കാന്മതില്ലാ
ദൈവ  നിശ്ചിതമാകും നിയമത്താ-
ലേവരുമന്യോന്യമീ  വിധത്തിൽ
സന്തോഷ മഗ്നരായ് ചേരവേ;യെന്തിനു
നാം തമ്മിൽ മാത്രമായ് വൈമനസ്യം?
നോക്കുക! ദൂരസ്ഥ നീല നഭസ്സിന
ചിക്കെന്നു ചുംബിപ്പൂ  മാമലകൾ. "

# പ്രിയപ്പെട്ട ഈശോമിശിഹായ്ക്ക്



ANJANA
2nd BA History

മഴക്ക് ശക്തികൂടികൂടി വന്നു.ഇറ്റി വീഴുന്ന ഓരോ തുള്ളിയും അവളെ വല്ലാതെ പൊള്ളിച്ചു. സ്വപ്നങ്ങളെല്ലാം ആ ജലാഗ്നിയിൽ ചാരം കണക്കെ അലിഞ്ഞു ചേർന്നു. മനസിനെ ഒരിടത്ത് ഉറപ്പിക്കാനാവാതെ ഒരു ഭ്രാന്തിയെ പോലെ അവൾ സ്വയം പഴിചാരി .തന്റെ കുരിശുമാലയിൽ മുറുകെ പിടിച്ച് അവൾ എഴുതി.

"പ്രിയപ്പെട്ട ഈശോമിശിഹാക്ക് ....'

ഞാനെന്റെ തെറ്റിന്റെ ആഴം തിരിച്ചറിയുന്നു. നീ പണിത സ്വർഗം ഞാനത്രമേൽ നശിപ്പിച്ചിരിക്കുന്നു. ഇന്ന് ഈ പ്രളയക്കെടുതിയിൽ വീണ്ടുമൊരു "നോഹയുടെ പെട്ടകമായി" നീ അവതരിച്ചിരുന്നെങ്കിൽ നിന്നോട് ഞാനെന്നും കടപ്പെട്ടവളാകും. നിന്റെ സ്വർഗം അതുപോൽ പുതുക്കിപണിതും വിയർപ്പ് കൊണ്ട് പൊന്ന് വിളയിച്ചും നിന്നോടുള്ള എന്റെ കടം ഞാൻ വീട്ടി തീർക്കും. കർത്താവേ... ഇനിയു ള്ള കാലം അങ്ങയുടെ ദാസിയായി ഞാൻ ജീവിച്ചു കൊള്ളാമേ...

പ്രതീക്ഷയോടെ
\- തെക്കുംപടിക്കൽ ത്രേസ്യ

ഒരു പേപ്പറോളം പോന്ന കുറ്റസമ്മതത്തിന് ശേഷം അവൾ പേന താഴെ വച്ചു. അപ്പോഴേക്കും ആ കൂരയുടെ പകുതിയോളം ജലം വിഴുങ്ങിയിരുന്നു. ആ ഒറ്റ മുറിക്കൂരക്കകത്ത് അവൾ ആർത്തുവിളിച്ചു. ഒരു പക്ഷേ ഇഹലോകം പൂർണമായും ഒരേ സ്വരത്തിൽ പ്രാണന് വേണ്ടി കേഴുന്നതിനിടക്ക് അവളുടെ വിളി ദൈവം കേൾക്കാതിരിക്കുമോ?... അവൾ ആ ജലധാരയിലൂടെ വിദൂരതയിലേക്ക് കണ്ണോടിച്ചു. അതാ... ഒരു റാന്തൽ വെട്ടം. പ്രതീക്ഷയുടെ പുതിയ വെളിച്ചം അവളെ തേടിയെത്തിയിരിക്കുന്നു. തന്റെ കുരിശുമാലയിൽ മുറുകെ പിടിച്ച് കൊണ്ട് അവൾ ഒരു മന്ദസ്മിതത്തോടെ മൊഴിഞ്ഞു "Oh Jesus..... ●



**RISHMA M P**
**1st BA History**

# കൊറോണ

കൊന്നു മുടിച്ചിട്ട് നാട് നടുക്കിയ
റോഡുകൾ പൂട്ടിട്ട്
വീട്ടിലിരുത്തിയ
മരണം ഫണം വിരിച്ചാടിയ
വൈറസ്



# അതിഥി




AJANYA UG
2nd BA History

ഒരു പൂമ്പാറ്റയായിരുന്നു അവൾ. സന്തോഷത്തോടെ പൂന്തോട്ടങ്ങളിൽ പൂവുകളിൽ നിന്ന് പൂവിലേക്ക് പാറിനടക്കുന്ന കാലം. ജീവിതം അതിന്റെ മധുരമേറുന്ന സന്ദർഭങ്ങളിലൂടെ അവളെ കൊണ്ടുപോയി .അവളത് കണക്കെ ആസ്വദിക്കുകയായിരുന്നു. എന്നാൽ എല്ലാം മാറി മറിഞ്ഞത് പെട്ടെന്നായിരുന്നു. അവളെ ആരോ തുടർച്ചയായി പിന്തുടരുന്ന പോലെ ഒരു തോന്നൽ. എന്നാൽ ഓരോ തിരിഞ്ഞുനോട്ടവും അവൾക്ക് സമ്മാനിച്ചത് നിരാശയാണ്. പിന്നിൽ ആരുമില്ല. താൻ ഏകയെന്ന വിശ്വാസത്തോടെ യാത്ര തുടർന്നുവെങ്കിലും ഒട്ടും താമസിയാതെ അവളുടെ തോന്നലിനെ യാഥാർത്ഥമാക്കും  വിധം അന്ധകാരം അവളെ പിണഞ്ഞു.

കണ്ണു തുറന്നപ്പോൾ അവളൊരു ഇരുട്ട് മുറിയിലായിരുന്നു. ഏകാന്തയായി '..... അപ്രതീക്ഷിതമായ ആ ഏകാന്തതയെ കീറി മുറിച്ച് രണ്ട് കരങ്ങൾ അവൾക്ക് നേരെ ഉതിർന്നു .ഭക്ഷണ പൊതികളുമായി വന്നതായിരുന്നു മുഖം വ്യക്തമല്ലാത്ത ആ കരങ്ങൾ. അപ്രതീക്ഷിതമായി കൂട്ടിലടക്കപ്പെട്ട അവൾ വെള്ളം കണ്ട കൊച്ചു കുട്ടിയുടെ ത്വരയോടെ അയാൾക്കു നേരെ ചോദ്യശരങ്ങൾ ഉതിർത്തു. "നിങ്ങൾ ആരാണ്? ഞാൻ എവിടെയാണ്? എനിക്കെന്താണ്?" ഉത്തരം നൽകാനുള്ള നിമിഷം  പോലും നൽകാതെ അവൾ ഒറ്റ ശ്വാസത്തിൽ ചോദിച്ചു.

"പേടിക്കേണ്ട. നീയിപ്പോൾ ഒരു തരം ബന്ധനത്തിലാണ്. ക്വാറന്റെയ്ൻ എന്ന് പറയും." അയാൾ ഉത്തരം നൽകി. അപരിചിതന്റെ മറുപടി അവളിൽ ഭയമോ ആകാംക്ഷയോ എന്തെന്നില്ലാത്ത ഒരു അവസ്ഥയിലേക്ക് നയിച്ചു. ഒരായിരം ചോദ്യങ്ങൾ അവൾ അവളോടു തന്നെ ആവർത്തിച്ചു ചോദിച്ചു. എങ്കിലും അവൾക്കൊന്നിനും ഉത്തരം കണ്ടെത്തുവാൻ സാധിച്ചില്ല. ശരീരം തളരുന്ന പോലെയും ഇരുട്ടിന് ഇരുട്ട് കൂടുന്ന പോലെയും അവൾക്ക് തോന്നി.



. അന്ധകാരത്തിന്റെ ഏതോ ബിന്ദുവിൽ അവൾക്ക് ബോധം നഷ്ടമായി. ഉണർന്നപ്പോൾ അവളെ പ്രകാശം മൂടിയിരുന്നു. മുന്നിൽക്കണ്ട വ്യക്തിയോട് അവൾ ചോദിച്ചു." എനിക്കെന്തു പറ്റി?" അവൾക്ക് മറുപടിയായി അയാൾ പറഞ്ഞു. "ഈ ലോകം ഭയക്കുന്ന ഒരു കുഞ്ഞ് ഭീകരൻ നിന്നെയും ഭയപ്പെടുത്തി. അവന്റെ കിരീട മുനകൾ നിന്നെയൊന്ന് കുത്തിനോവിക്കാൻ ശ്രമിച്ചു. അത്രമാത്രം. ഇപ്പോൾ നീ സ്വതന്ത്ര്യയാണ്. പോകൂ...... നിന്റെ സ്വപ്നങ്ങൾക്ക് ആരും വിലങ്ങുതടിയായിട്ടില്ല. " അയാളുടെ മറുപടി അവളിൽ പുഞ്ചിരിയുണർത്തി. ആ മാലാഖമാർക്ക് കൈവണങ്ങി അവൾ ദൂരേക്ക് നടന്നു. ●

_

_





MUNSHAR HAROON
1st BA History

# ഒരു കാട്ടുകോഴിയുടെ നിരീക്ഷണം

ഡാർവിന്റെ കുരങ്ങുകളെപ്പോലെ പരിണമിക്കുന്ന മറ്റൊരു ജീവിയാണ് കോഴി. ഈ പരിണാമ സിദ്ധാന്തത്തിന്റെ പിതാവാരാ ണെന്നറിയില്ല, എന്നാലും യു ക്തിയും ശാസ്ത്രവും ഇല്ലാതെ തന്നെ ഇത് എല്ലാവരും അംഗീ കരിച്ചതാണ്. പാഠ പുസ്തകത്തിൽ കുരങ്ങൻ മനുഷ്യനാ യാണ് മാറുന്നതെങ്കിൽ ഇവിടെ മനുഷ്യൻ കോഴിയായയാണ് പരിണമിക്കുന്നത്. ആർക്ക് ? എങ്ങനെ ? എപ്പോൾ എന്ന ചോദ്യത്തിന് പ്രസക്തിയില്ല, ഏത് സമയവും ഈ പരിണാമം സംഭവിച്ചേക്കാം....

യാത്രകൾ ചെയ്തും ഗവേഷണം നടത്തിയും വസ്തു നിഷ്ഠമായിട്ടുള്ള തെളിവ് ശേഖരണം ഇതിന് ആവിശ്യമില്ല. നാമോരുരുത്തരും ഇതിന് തെളിവുകളാണ്, പല സാഹചര്യങ്ങളിലും അത് തെളിയിച്ചതുമാണ്. സ്കൂളുകൾ, ബസ്സുകൾ അങ്ങാടികൾ തുടങ്ങി പല സ്ഥലങ്ങളിൽ വെച്ചും നാം പരിണാമത്തിന്റെ തെളിവുകളായി മാറുന്നു.

ഇന്നോ ഇന്നലെയോ ഉടലെടുത്തതല്ല ഇത്. ചരിത്രപരമായ അനേകായിരം പരിണാമങ്ങളുടെ ഒരു മഹാകാവ്യം എന്ന് തന്നെ ഇതിനെ വിശേ



ഷിപ്പിക്കാം . നമ്മുടെ കവലകളിലി രുന്ന് കട്ടൻ ചായയും ബീഡിയും വ ലിച്ച് സദാചാരികളായും -കല്യാണം മുടക്കികളായും മാറുന്ന നമ്മുടെ പാവം കാരണവന്മാരെല്ലാം കഴി ഞ്ഞു പോയ കാലത്തിന്റെ ശേഷി ക്കുന്ന പരിണാമ തെളിവുകളാണ്. ദീനം പിടിച്ച കോഴിയുടെ മുന്നിൽ വെച്ച് കോഴിത്തരം കാണിക്കുമ്പോ ൾ അവർക്കുണ്ടാകുന്ന ആ ചൊറി ച്ചിലാണ് സദാചാരങ്ങളിലേക്കും ക ല്യാണം മുടക്കുന്നതിലേക്കും. അവരെ കൊണ്ടെത്തിക്കുന്നത്. ഈ വസ്തുത മനസിലാക്കാതെ യാണ് പലരും അവരെ ശപിക്കു ന്നതും ട്രോളുന്നതും.

ഡാർവിന്റെ പരിണാമ സിദ്ധാന്തം പോലും ചോദ്യം ചെയ്യപ്പെടുകയും വിശ്വസനീയമല്ലെന്ന് പറയുമ്പോയും ഈ സിദ്ധാന്തം ഇവിടെ നമ്മളിൽ നിലയുറച്ച് വേരുറച്ച് നിലകൊള്ളു ന്നു. ഒരു പുസ്തകത്തിലും അച്ചടി ക്കാത്ത, സൃഷ്ടാവ് പോലുമില്ലാത്ത ഈ പരിണാമ സിദ്ധാന്തമായിരി ക്കും ലോകവസാനം വരെ ഒരു മാറ്റവുമില്ലാതെ നിലനിൽക്കുക... തീർച്ച ●



SREEDUTH PS
1st BA History

# സ്മൃതികണം

ഓർമകൾ മെല്ലെ പുറകോട്ടു പോകവേ
കോർക്കട്ടെ ഞാനൊരു സ്മരണമാല്യം.
ഭൂതകാലത്തിലേക്കെത്തി നോക്കുമ്പൊഴെൻ
മനം എന്തിനോ കേണിരിക്കുന്നു.

നാഗങ്ങളിഴയുന്ന ദേഹവും താണ്ടി ഞാൻ
കാതങ്ങളെത്രയോ താണ്ടിയെന്നോ?
ലഹരി തൻ തണലിൽ ഞാൻ കാണ്ടൊരെൻ
ലോകം
അറിയാതെയൊഴുകി ഞാനാ നദിനീളെ.

എങ്ങോയെത്തുവാനൊഴുകിയാ നദിയിൽ
അറിയാതെ ചെന്നുപെട്ടെന്നമ്മ തൻ മടിയിൽ
ഞാൻ.
ജനനിതൻ കണ്ണീർ പുതപ്പിനുള്ളിൽ
വർത്തമാനത്തിൻ കാഹളം കേൾക്കവെ,

ഓർമയിലെത്തുന്നുവെൻ സ്വപ്ന ലോകം.
ഈ കാറ്റിൻ തലോടലിൽ പൂവിൻ ഗന്ധമുണ്ട്.
മണ്ണിനുണ്ട് കാടിനുണ്ട് ഗന്ധം.
ഹാ!!! എന്നമ്മതൻ മടിയിലാബാല്യത്തിൻ
ഗന്ധമുണ്ട്.

# A TEA STORY

# ഒരു ചായക്കഥ



ANAMIKA v
3rd BA History

ആസ് എ കോഴിക്കോട്ടുകാരി ഓർ കോഴിക്കോട്ടുകാരൻ "വരിൻ ഒരു ചായ കുടിച്ചിട്ടു പോകാം" എന്ന് പറയാത്തവരായി ആരുമുണ്ടാവില്ല. കാരണം നമ്മൾ പണ്ടേ സ്നേഹ സമ്പന്നരാണല്ലോ.... കോഴിക്കോട് എന്ന് പറയുമ്പോൾ തന്നെ ഓർമ വരുന്നത് ഇവിടുത്തെ സ്പെഷ്യൽ ഹൽവയും ആര്യഭവനിലെ മസാല ദോശയും റഹ്മത്തിലെ ബീവിയും കോഴിക്കോട് ബീച്ചിലെ ഐസൊരതിയും ഉപ്പിലിട്ടതുമെല്ലാമാണ്. മിട്ടായിത്തെരുവും മാനാഞ്ചിറയും ബീച്ചും പാളയവും ഗുരുവായൂരപ്പൻ കോളേജും കുറേ നല്ല ഓട്ടോ ചേട്ടൻമാരും... ഇതാണ് കോഴിക്കോട്. ഇതൊക്കെ ഉണ്ടേലും ഇവിടത്തുകരുടെ വിപ്ലവം അത് ചായയായിരുന്നു. അതെ ബ്രോ.. ചായ..

" സുലൈമാനിയിൽ രുചിയുടെ പെരുന്നാൾ കൂടണമെങ്കിൽ അതിലൽപ്പം മൊഹബത്ത് ചേർക്കണം" എന്ന് കരീംക്ക ഫെയ്സിയോട് പറഞ്ഞ പോലെ ഒട്ടേറെ ചായക്കഥകൾ കോയിക്കോട്ടങ്ങാടിയിലെ ഓരോരുത്തർക്കും പറയാനുണ്ടാകും. ഇക്കാക്കാസ് മക്കാനിയിൽ തുടങ്ങി ഹൈക്കമാൻഡ് ചർച്ചയിൽ വരെ ചായയ്ക്ക് സ്ഥാനമുണ്ട്.

അറബിപ്പൊന്ന് തേടി പോയവർ തിരികെ നാട്ടിലെത്തിയപ്പോൾ അവർക്കൊപ്പം കള്ളവണ്ടി കയറി വന്നയാളാണ് സുലൈമാനി . കട്ടൻ ചായയിൽ നാരങ്ങാ നീര് വീണ



പ്പോൾ  രുചിയുടെ കോളിളക്കം മു
ണ്ടായി.അധികം കഴിയും മുൻപേ
മൂപ്പർ ഞങ്ങൾ കോയിക്കോട്ടുകാ
രുടെ ഖൽബിനകത്തായി. ഐ മീൻ
കേറിയങ്ങ് ക്ലിക്കായി... സുലൈമാ
നി...അതൊരു നൊസ്റ്റാൾജിയ
ആണ്..🥰

ഒരു കാലത്ത് കുറ്റിച്ചിറക്കാ
രുടെ മാളികകളിൽ പാതിര പടരു
മ്പോൾ ഗസൽ പൂക്കൾ വിടരുമായി
രുന്നു അതിന് കൂട്ടായി ചില്ലിട്ട ഗ്ലാ
സിൽ നിറഞ്ഞിരിപ്പുണ്ടാകും..
സുലൈമാനി......

സ്ട്രോങ്ങ്, ലൈറ്റ്, മീഡി
യം, വിത്ത്, വിത്തൗട്ട്, കട്ടൻ, ഇഞ്ചി
ക്കട്ടൻ, പൊടിക്കട്ടൻ, അടിച്ചത്
അടിക്കാത്തത്, സുലൈമാനി.....
ഇതാണ് ഞാൻ ആദ്യം പറഞ്ഞത്
ശരിക്കും കോഴിക്കോട് വിപ്ലവം
തീർത്തത് മറ്റൊന്നുമല്ല. അത്
ചായയായിരുന്നു ⚫




SISIRA MURUKESH
1 st BA History


# ചിത

അകലെ പ്രകാശകണം
അവസാനമായി
നിൻ നെറ്റിയിൽ ചുംബിക്കുമ്പോൾ
ദൂരെ കത്തിയെരിയുന്ന നിൻ
ദേഹം വിലപിക്കുന്നത് കേൾക്കാം.
പക്ഷെ കഴിയില്ലല്ലോ..
എനിക്ക് നിൻ അരികിലെത്താൻ.
ഞാനും കത്തിയെരിഞ്ഞു
ചാരമായല്ലോ അന്നൊരിക്കൽ

# ഓർമ്മ തൻ കോണിൽ




**ASWANI DAS TK**
**3rd BA History**

" ടാ.. ബസ് വരുന്നു.. ശോ.. അതും നിർത്തിയില്ല.. പണ്ടാരം വഴിയിൽ വച്ച് കേടായി പോട്ടെ.. "

അങ്ങനെ ഓടിയും പ്രാകിയും ഉള്ള എന്റെ യാത്ര എങ്ങോട്ടാണെന്നറിയേണ്ടേ...? ഗുരുവായൂരപ്പൻ കോളേജിലേക്ക്... അങ്ങനെ പറയുന്നതിനേക്കാൾ സ്വർഗത്തിലേക്ക് എന്ന് പറയാനാണ് ഞങ്ങൾക്കിഷ്ടം.

കോരിച്ചൊരിയുന്ന മഴയത്ത് കുടയുടെ മറപറ്റി കുന്നുകയറുമ്പോൾ അപരിചിതമായ മുഖങ്ങൾക്കിടയിൽ ചിമ്മിനി വിളക്കിന്റെ ഇത്തിരി വെട്ടത്തിൽ അറിവ് പകരുന്ന സുഹറയെ ഞാൻ കണ്ടു. അത് എന്നിലേക്കും പ്രകാശത്തിന്റ നാളങ്ങൾ പരത്തി.അഭിവാദ്യ ശില്പം പ്രകൃതിയുടെ മടിത്തട്ടിലേക്ക് എന്നെ സ്വാഗതം ചെയ്യുമ്പോൾ സമാധാനത്തിന്റെ പ്രതീകമായി ബുദ്ധനും അവിടെ സ്ഥാനം പിടിച്ചിരുന്നു

മനസിന്റെ ഒരുമ കൊണ്ടോ പ്രകൃതിയുടെ വികൃതികൊണ്ടോ ലിംഗ വ്യത്യാസമില്ലാതെ ഞങ്ങളിലെ സൗഹൃദം വേഗത്തിൽ വളർന്നു. പല നിരത്തിലുള്ള കോടി പിടിക്കുന്നവർ ഒരു പാത്രത്തിൽ ഉണ്ണുന്നത് ആദ്യമൊക്കെ കൗതുകമുണർത്തിയെങ്കിലും പിന്നീടത് ജീവിതത്തിന്റെ ഭാഗമായി മാറി. കൈലാസവും, പാതാളവും, വൈകുണ്ഠവും, നരിമടയും, മണ്ടൻ വളവും, ഒറ്റമരവും, മുത്തശ്ശി മരവും, കാമ്പസ് ജീവിതം ആനന്ദകരമാക്കി മാറ്റി. റാഗിങ്ങിനിടയിൽ നൽകിയ ബഹുമാനം സ്നേഹമായി ഒഴുകുന്നത് തിരിച്ചറിയാൻ ആർട്സും, ഹോളിയും, ഓണവും, കോളേജ് ഡേയും സഹായിച്ചു. അങ്ങനെ ഇലക്ഷൻ മാമാങ്കവും പരീക്ഷകളുമായി ഒന്നാം വർ



ഷം കടന്നു പോയി.

ക്യാമ്പസ് ജീവിതത്തിലെ രണ്ടാം വർഷം. അങ്ങനെ ഞങ്ങളും സീനിയേഴ്സ് ആയി. മനസിലുണ്ടായ അഹങ്കാരം ചെറുതൊന്നും ആയിരുന്നില്ല. ഒന്നാം വർഷ വിദ്യാർത്ഥികളെ ഭരിക്കാൻ കിട്ടിയ അവസരങ്ങൾ നൽകിയ സന്തോഷം വളരെ വലുതായിരുന്നു.

പ്രഭുവേട്ടന്റെ കടയിലെ ഒരു കട്ടനും പരിപ്പുവടയും ഒത്തിരി പേരുടെ വയറു നിറച്ച കഥ എത്ര പറഞ്ഞാലും തീരാത്തതാണ്. ഒന്നാം വർഷം കയറാൻ മടിച്ച കുന്ന് അങ്ങനെ ഇറങ്ങാൻ മടിയായി തുടങ്ങി.

അടുത്ത ജൂണിൽ കാണാമെന്ന് പറഞ്ഞു കുന്നിറങ്ങുമ്പോൾ കരുതിയില്ല ഒരു ആയുഷ്കാലം മുഴുവൻ ഓർത്തിരിക്കേണ്ട മനസ്സിൽ സന്തോഷം പകരുന്ന മനോഹര ദിനങ്ങൾ കൊറോണയെന്ന മഹാമാരി തട്ടിയെടുക്കുമെന്ന്. ഓർക്കുമ്പോൾ മിഴികൾ ഈറനണിയുകയാണ്. ഒരു ദിനമെങ്കിലും ആ വാക പൂത്ത മണ്ണിൽ ചിലവിടാമെന്ന ആഗ്രഹം മാത്രമേ ഇപ്പോഴുള്ളു.

കുന്നിറങ്ങുമ്പോൾ ഷീണം മാറ്റിയ ബൈജുവേട്ടന്റെ കടയും സ്നേഹം പങ്കിടുന്ന ക്ലാസ് മുറിയും ബുദ്ധന്റെ മടിത്തട്ടും മഴയെ സ്വാഗതം ചെയ്യുന്ന കൈലാസവും, കാറ്റിന്റെ സംഗീതത്തിൽ നൃത്തം വയ്ക്കുന്ന ഒറ്റമരവും, തണലേകുന്ന മുത്തശ്ശി മരവും തണുപ്പേകുന്ന പാതാളവും ഇന്ന് മനസിലെ മായാത്ത ഓർമകളാണ്. തിരിച്ചു പോവണം. കുന്നു കയറണം ഒരു വിദ്യാർത്ഥിയായി. പൂവിനെ ചുംബിക്കുന്ന പൂമ്പാറ്റയെ പോലെ... മഴ കാത്തിരിക്കുന്ന വേഴാമ്പലിനെ പോലെ.. ഞങ്ങളും കാത്തിരിക്കുന്നു



ADITHYA CT
1st BA History




# തെരുവിലെ കിളവൻ



JYOTHIKA
2nd BA History



അഗ്നിശൈലം തിളക്കും പോലി -
ന്നാർക്കനിതെന്തൊരു കോപത്താൽ
ഉരിയാടാനാകാതെ ചില ജന്മങ്ങൾ പകലിലെരിയുന്നു.
ചാക്കടയിൽ നിന്ന് തലപൊക്കി
ചെറുമൂഷികൻ മെല്ലെ കാതോർത്തു
അങ്ങകലെയാ തെരുവീഥിയിൽ
കിളവൻ കൈകൾ മലർത്തിക്കാട്ടുന്നു.
അസ്ഥികൂടയിൽ നിന്നെന്തോ
കരിഞ്ഞു പുകഞ്ഞു മണക്കുന്നു.
ഓട്ടപ്പിഞ്ഞാണത്തിൽ നോക്കിയാ
കണ്ണുകൾ മെല്ലെ തുടക്കുന്നു.
വിയർപ്പു കുടിച്ചൊരു കുപ്പായം
തൻ ദാഹം മെല്ലെ തീർക്കുന്നു.
മക്ഷികൾ ചുറ്റും ആർക്കുന്നു
മർത്യൻ അറപ്പുകൾ നീട്ടുന്നു
പത്മകം മെല്ലെ തടവുന്നു
മണ്ണിലമർന്ന് കിടക്കുന്നു
പകലിൻ നിറവിൽ കിളവന്
കാവലായ് ജനമേറെയുണ്ടവിടെ
രജനി മയങ്ങുമാനേരത്ത്
കാഹളമെല്ലാം നിലക്കുന്നു.
തെരുവിലെ അണയാവെട്ടത്തിൽ
പാറ്റകളങ്ങനെയാർക്കുന്നു.
മുഷികൻ മെല്ലെ കാതോർത്തു 9
കിളവനിതെന്തോ വിളമ്പുന്നു
" ആകില്ലെനിക്ക് മകനെ ഈ
ഉറക്കവും പൂർത്തിയാക്കാൻ
നിന്നാസന്നമാം പേടി സ്വപ്നം
വിരട്ടിടുന്നെന്നെ."
അരികിൽ വരാനായ് വിളക്കൊന്നൊരവളുടെ നാദം
കേൾക്കുന്നു
വിണ്ണിൽ നിന്നവൾ കിളവനെ നോക്കി
സ്വാന്തന നേത്രങ്ങൾ ചിമ്മുന്നു '



NIHAD KOTTALAKATH
2nd BA History

# എന്നെ കണ്ടെത്തിയ നിമിഷം

നിങ്ങൾ ഒറ്റക്കിരിക്കുമ്പോൾ ബോറാടുക്കാറുണ്ടോ ഉണ്ട്. അല്ലേ. അപ്പോൾ ഈ ലോക്ക്ഡൗൺ നിങ്ങൾക്ക് അസഹനീയമായിരിക്കും അല്ലേ എന്നാൽ എനിക്ക് അങ്ങനെ അല്ല.. ഒറ്റക്ക് ഇരിക്കുമ്പോൾ ഒരിക്കലും ബോറടിക്കാത്ത ഒരാളാണ് ഞാൻ. എനിക്ക് എപ്പോഴും എന്തെങ്കിലും ചെയ്യാൻ ഉണ്ടാകും.

കുട്ടിക്കാലത്ത് മിണ്ടാപ്രാണി എന്ന ചീത്തപ്പേര് എനിക്കുണ്ടായിരുന്നു. അധികം ആരോടും സംസാരിക്കാതെ... അപരിചിതരോടോ അല്പം മാത്രം പരിചയമുള്ളവരോടോ ഇടപെടാതെ ബന്ധുക്കളോടും നാട്ടുകാരോടും കുശലം ചോദിക്കാതെയുള്ള എന്റെ പ്രാകൃതമാണ് ഇതിന് കാരണം.


ഹോട്ടലിലിരിക്കുന്ന ഒരു വ്യക്തിയോട് "ഭക്ഷണം കഴിക്കാൻ വന്നതാവും അല്ലേ" എന്ന ചോദ്യത്തിന് എന്ത് പ്രസക്തിയാണ് ഉള്ളത്. ഹോട്ടലിൽ പിന്നെ മുടിവെട്ടാൻ വരുമോ? ഇത് പോലെ "സുഖമാണ്" എന്ന് മറുപടി കിട്ടുമെന്ന് ഉറപ്പുള്ള സ്ഥാനത്ത് സുഖമല്ലേ എന്ന് ചോദിക്കേണ്ടതിന്റെ ആവശ്യകതയും ചോദ്യം ചെയ്യപ്പെടേണ്ടതാണ്. ഇത്തരം അനാവശ്യ സംഭാഷണ ശകലങ്ങൾ എന്നെ അലോസലപ്പെടുത്താറുണ്ട്.

ഹയർസെക്കണ്ടറി കാലഘട്ടത്തി .ലാണ്. ഞാൻ എന്നെ തിരിച്ചറിയുന്ന

ത്. "നീ എന്താ അവനെ പോലെ ആകാത്തത്"...? "നീ എന്താ ആരോടും സംസാരിക്കാത്തത് "..? " നീ എന്താ എങ്ങനെ? അവനെ കണ്ട് പഠിച്ചൂടേ".. എന്നീ പലരുടെയും ചോദ്യങ്ങൾക്ക് എനിക്ക് ഉത്തരം നൽകിയത് ഹാസിയ ടീച്ചറാണ്. ഈ ഉത്തരങ്ങൾ മുന്നേ കിട്ടിയിരുന്നെങ്കിൽ.! ഒരു വിദ്യാർത്ഥി ആഗ്രഹിക്കുന്നത് പറയാതെ നൽകാൻ സാധിക്കുന്നത് ഒരു നല്ല അദ്ധ്യാപകന് മാത്രമാണ്

ഞാനൊരു അന്തർമുഖ വ്യക്തിത്വത്തിന് ഉടമയാണ്. മനുഷ്യരുടെ വ്യക്തിത്വത്തിന് അന്തർ മുഖത്വം - ബഹിർ മുഖത്വം എന്നിങ്ങനെ രണ്ട് വകഭേദങ്ങളുണ്ട്. ഇവ ഒരു വർണരാജിയുടെ രണ്ട് അറ്റങ്ങളാണ്. പൊതുവിൽ ഒരാളുടെ സ്ഥാനം അവയ്ക്കിടയിൽ എവിടെയെങ്കിലും ആയിരിക്കും. ചിലർ ഈ അറ്റങ്ങളോട് അടുത്ത് കാണപ്പെടുന്നവരാണ്. ഇവരെയാണ് അന്തർ മുഖരെന്നോ ബഹിർ മുഖരെന്നോ വിളിക്കുന്നത്. അവരവർക്ക് വെളിയിൽ, പുറമെ നിന്ന് സന്തോഷം തിരയുന്നവരാണ് ബഹിർ മുഖർ. ഉത്സവങ്ങൾ, പാർട്ടികൾ എന്നിങ്ങനെ ആളുകൂടുന്ന സ്ഥലങ്ങൾ ഇത്തരക്കാർക്ക് ആസ്വദിക്കാനാകും. മറ്റുള്ളവരോട് കുശലം അന്വേഷിക്കാനും വിശേഷങ്ങൾ പറയാനും ഇഷ്ടപ്പെടുന്ന ഇവർ പൊതുവിൽ ഉത്സാഹികളും സഹായികളും സംസാരപ്രിയരും ആയിരിക്കുമെന്ന് മാത്രമല്ല ഇവർ ഒറ്റക്കിരിക്കുമ്പോൾ വളരെ പെട്ടെന്ന് ബോറടിക്കുന്നവരും ആയിരിക്കും.

ഇതിന്റെ മറുവശമാണ് അന്തർ മുഖർ. വായന, എഴുത്ത്, ഗെയിം എന്നിങ്ങനെ ഒറ്റക്ക് ചെയ്യാവുന്ന പ്രവൃത്തികളിൽ സന്തോഷം കണ്ടെ



ത്തുന്നവരായിരിക്കും ഇവർ. അടുത്ത സുഹൃത്തുക്കൾക്കൊപ്പം സമയം ചിലവിടാൻ ഇഷ്ടമാണെങ്കിലും അന്തർ മുഖർ വലിയ ആൾക്കൂട്ടത്തെ താല്പര്യപ്പെടുന്നവരായിരിക്കില്ല. ഒരു സമയം ഒരു പ്രവൃത്തിയിൽ മാത്രമേ ഇവർ ഇടപെടാറുള്ളു. സാഹചര്യങ്ങളെ മാറിനിന്നു നിരീക്ഷിച്ച് അവലോകനം നടത്തി മാത്രം വിഷയങ്ങളിൽ ഇടപെടുന്ന ഇത്തരക്കാരെ നാണക്കാരായി തെറ്റിദ്ധരിക്കാരുണ്ടെങ്കിലും, നാണം സാമൂഹ്യ ഇടപെടലുകളോടുള്ള ഒരു തരം പേടിയും അന്തർ മുഖത്വം വ്യക്തിത്വത്തിന്റെ ഒരു തെരഞ്ഞെടുപ്പുമാണ്.

വലിയ ശാസ്ത്രജ്ഞരും, തത്വചിന്തകരും ഏറെയും അന്തർ മുഖരാണെന്ന ടീച്ചറുടെ വാക്കുകൾ, ഒന്നും അല്ലാത്തിടത്ത് നിന്നും ശ്രമിച്ചാൽ പലതും എനിക്ക് സാധിക്കും എന്ന തോന്നലിലേക്ക് എന്നെ നയിച്ചു.

നീ എന്താ ഇങ്ങനെ എന്ന് ചോദിച്ചവരോട് എല്ലാം പറയാൻ ഇന്ന് എനിക്ക് ഒരു മറുപടിയുണ്ട്. ഞാൻ ഇങ്ങനെയാണ്. എനിക്കൊപ്പം ഒരുപാട് ശാസ്ത്ര ഗവേഷകരും തത്വ ചിന്തകൻമാരും ഉണ്ട് .




FATHIMA RINSHA
2nd BA History


# നിന്നെയോർത്ത്

മരിച്ചവരൊന്നും തിരിച്ചു
വരില്ലായിരിക്കാം
പക്ഷേ അവരുടെ നിലവിളി
ഇവിടെ അലഞ്ഞു നടപ്പുണ്ട്.
അന്ന് പലയിടത്ത് നിന്നായി
പൊടിഞ്ഞ ചോരയും തറയിൽ
ഉണങ്ങാതെ കിടപ്പുണ്ട്.
വേദന കൊണ്ട്
ഒരുപാട് കരഞ്ഞിട്ടുണ്ടാകണം.
കേൾക്കാനീ ഹത ഭാഗ്യന്
കഴിഞ്ഞില്ല.
എങ്കിലും ആ കണ്ണീരിപ്പോഴും
എൻ ഹൃദയത്തിൽ കിടന്ന്
നീറുന്നിടത്തോളം കാലം
നീയെന്നല്ല ആരും മരിക്കില്ല.



AVANTHIKA PRAMOD
2nd BA History





**AKSHAY VP**
**3rd BA History**

# മറവി

**മനുഷ്യരെ മറന്നു വച്ചിടത്ത് നിന്ന്**
**പുസ്തകങ്ങളെ തേടി യാത്ര പോകണം.**
**വീഞ്ഞു പാനം ചെയ്യും പോലെ**
**വരികളിലെ മധുരവും ചവർപ്പും രുചിച്ചറിയണം.**
**വീണ്ടും മറന്നുവച്ച മനുഷ്യരുടെ അരികിൽ ചെന്ന്**
**പറയണം**
**മറവി ചിലപ്പോൾ എനിക്കും നിങ്ങൾക്കും ഒരു**
**അനുഗ്രഹമാണെന്ന്.**

# ചരിത്രത്താളിലൂടെ

1877 മുതൽ തലമുറകളായി വിദ്യാർത്ഥികൾക്ക് ഗുണനിലവാരമുള്ള വിദ്യാഭ്യാസം നൽകുന്ന കേരളത്തിലെ ഏറ്റവും പുരാതന സ്ഥാപനങ്ങളിലൊന്നാണ് കോഴിക്കോട് ജില്ലയിലെ സാമൂതിരി ഗുരുവായൂരപ്പൻ കോളേജ്. വളരെയധികം ചരിത്രപ്രാധാന്യമുള്ള ഈ സ്ഥാപനം സാമൂതിരി കുടുംബത്തിലെ അംഗങ്ങൾക്ക് ഇംഗ്ലീഷ് വിദ്യാഭ്യാസം നൽകുക എന്ന ലക്ഷ്യത്തോടെയാണ് സ്ഥാപിച്ചത്. മലബാറിലെ വിദ്യാഭ്യാസ ബൗദ്ധിക ജീവിതം രൂപപ്പെടുത്തുന്നതിൽ ഇത് പിന്നീട് പ്രധാന പങ്കു വഹിച്ചു. കെ.സി.എസ്. ഐ. എച്ച്.എച്ച് ശ്രീ മാനവിക്രമ മഹാരാജാ ബഹദൂർ ആണ് ഈ വിദ്യാഭ്യാസ സ്ഥാപനത്തിൻറെ സ്ഥാപകൻ.



IRFANA MAJIDA M
3rd BA History




. ശ്രീ സെറിൽ.എം ബാരോയുടെ നേതൃത്വത്തിൽ തളി എന്ന സ്ഥലത്തായിരുന്നു ആദ്യ കാലഘട്ടങ്ങളിൽ ഈ സ്ഥാപനം പ്രവർത്തിച്ചിരുന്നത്. വിദ്യാലയം തുടങ്ങി അടുത്ത വർഷം തന്നെ ഹിന്ദു ആൺകുട്ടികൾക്കായി വിദ്യാലയം തുറന്നുകൊടുക്കുകയും "കേരള വിദ്യാശാല "എന്ന പേര് നൽകുകയും ചെയ്തു.

1879 ഫെബ്രുവരിയിൽ ഈ സ്ഥാപനം രണ്ടാം ഗ്രേഡ് കോളേജായി ഉയർത്ത പ്പെടുകയും മദ്രാസ് സർവകലാശാലയുമായി ചേർക്കപ്പെടുകയും ചെയ്തു. 1900ൽ കേരള വിദ്യശാല എ

ന്ന് പുനർനാമകരണം ചെയ്തു.

1955 ൽ ഗുരുവായൂർ ദേവസ്വം ബോർഡിന്റെ സഹായത്തോടെ പുതിയ സ്ഥാപനം "പൊക്കുന്ന് "എന്ന സ്ഥലത്ത് സ്ഥാപിക്കപ്പെട്ടു. തുടർന്ന് സ്ഥാപനത്തിന്റെ പേര് 'ഗുരുവായൂരപ്പൻ കോളേജ്' എന്നാക്കി മാറ്റി.

1956 ൽ സംസ്ഥാന പുനസംഘടനയുടെ ഫലമായി കോളേജ് തിരുവിതാംകൂർ സർവകലാശാലയുമായി ചേർക്കപ്പെട്ടു. 1958 ൽ ഇത് കേരള സർവകലാശാലയായി. ഇന്ന് 1968 ൽ നിലവിൽ വന്ന കാലിക്കറ്റ് സർവകലാശാലയുടെ കീഴിലാണ് കോളേജ് പ്രവർത്തിക്കുന്നത്. 1981ൽ കോളേജിന്റെ പേര് 'സാമൂതിരി ഗുരുവായൂരപ്പൻ കോളേജ്' എന്നാക്കി പരിഷ്കരിച്ചു.

കോളേജ് പൊക്കുന്നി ലേക്ക് മാറ്റിയത് മുതൽ ക്യാമ്പസ് വികസിപ്പിക്കുന്നതിനുള്ള ആസൂത്രിതമായ ശ്രമങ്ങൾ നടന്നു കൊണ്ടിരുന്നു. ഇന്ന് ക്യാമ്പസിൽ പ്രധാന കെട്ടിടത്തിന് പുറമേ ഓപ്പൺ എയർ തിയേറ്റർ, പെൺകുട്ടികൾക്കായുള്ള മുറി, ആൺകുട്ടികൾക്കായുള്ള ഡൈനിങ് ഹാൾ, വിശാലമായ ലൈബ്രറി ,ലബോറട്ടറി, കമ്പ്യൂട്ടർ സെന്റർ, കാന്റീൻ, ഓഡിറ്റോറിയം, പെൺകുട്ടികൾക്കായുള്ള ഹോസ്റ്റൽ സൗകര്യം എന്നിവയുണ്ട്. കൂടാതെ പഠനാന്തരീക്ഷം കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി ഒരു പരിസ്ഥിതി സൗഹൃദ ക്യാമ്പസ് ആണ് ഇവിടെ നിലനിർത്തിയിരിക്കുന്നത്.

140 വർഷം പിന്നിടുമ്പോൾ സാമൂതിരി ഗുരുവായൂരപ്പൻ കോളേജ് പതിനായിരക്കണക്കിന് വിദ്യാർഥികൾക്ക് 12 യുജി കോഴ്സുകളും,9 പിജി കോഴ്സുകളും, 5 ഗവേഷണ കേന്ദ്രങ്ങളും വാഗ്ദാനം ചെയ്യുന്ന ഒരു കോളേജ് ആയി വളർന്നിരിക്കുകയാണ്.യൂണിവേഴ്സിറ്റി ഗ്രാൻഡ് കമ്മീഷൻ സ്ഥാപനത്തെ അടിസ്ഥാനമാക്കി നാഷണൽ അസൈൻമെന്റ് ആൻഡ് അക്രഡിറ്റേഷൻ കൗൺസിൽ 2017 കോളേജിന്'എ' ഗ്രേഡ് അംഗീകാരവും നൽകി.

വി. കെ കൃഷ്ണമേനോൻ, എസ്. കെ.പൊറ്റക്കാട്, കെ. പി കേശവമേനോൻ, സി.എച്ച് മുഹമ്മദ് കോയ,എം.കെ വെള്ളോടി,പി.പി ഉമ്മർകോയ,ഡോക്ടർ. ജോൺ മത്തായി, കെ.പി.എ മേനോൻ, കെ.സി. .രാജ, എം. ജി.എസ് നാരായണൻ, എന്നീ മഹത് വ്യക്തികൾ എല്ലാംതന്നെ സാമൂതിരി ഗുരുവായൂരപ്പൻ കോളേജിലെ അഭിമാനകരമായ ഭാഗമാണ് .

ഓരോ വർഷവും വിവിധ മേഖലകളിൽ തങ്ങളുടെ യശസ്സ് ഉയർത്തിപ്പിടിച്ചുകൊണ്ട് സാമൂതിരി ഗുരുവായൂരപ്പൻ കോളേജ് അതിന്റെ ജൈത്രയാത്ര തുടരുകയാണ്....●



**SHINSHA MOL**
**3rd BA History**

# ഇന്നലെകൾ

ഓർമതൻ വാതിൽക്കൽ വന്നെത്തി നോക്കുന്നിതെൻ
ആർദ്രമാം ഇന്നലെകൾ
കാലചക്രം ഓടിമറഞ്ഞിട്ടെൻ
സ്വപ്നങ്ങളെല്ലാമേ
പകുതിയായ് മുറിഞ്ഞു പോയ് ...
വിഷുവന്നു, കണി കണ്ടുണർന്ന രാവും
ഓണവും ഓണത്തി മൃതിയും
ഇന്നലെകളിലെവിടെയോ
ഏതോ നിമിഷത്തിൽ കൈവെടിഞ്ഞു പോയ്..
എവിടെ സജ്ജനങ്ങൾ ബന്ധുക്കൾ മിത്രങ്ങൾ
മാഗല്യ പന്തലുകളിലെ കളി ചിരിയെവിടെ?
മരണ വീടുകളിലെ അലമുറകളെവിടെ?
എല്ലാം കൈവിരൽ സംഖ്യകളായി ചുരുങ്ങിയോ...
പട്ടണത്തിൻ തെരുവീഥികളും
പ്രണയം പടർന്ന പാർക്കുകളും
സായം സന്ധ്യതൻ മനോഹാരിത തുളളിത്തുളുമ്പിയൊരാ കടൽത്തീരവും
ആളില്ലാതെ ... ശൂന്യമായ്..
എവിടെയെൻ ദൈവമന്ദിരങ്ങൾ
പള്ളികളിലെ കുമ്പസാരങ്ങൾ
മസ്ജിദുകളിലെ നമസ്കാരങ്ങൾ
അമ്പലങ്ങളിലെ ഉത്സവങ്ങൾ
ദൈവമൊളിച്ചിരിക്കയാണോ
അതോ വിശ്രമിക്കുകയോ
അല്ല... ദൈവത്തിൻ മാലാഖമാർ ഭൂമിയിലുണ്ട്
ആതുരാലയങ്ങളിൽ ദൈവം ഇപ്പോൾ കുടികൊള്ളുന്നു.....
എങ്കിലും നിരപരാധികളുടെ മരണം ബാക്കിയാക്കി
കൊഴിഞ്ഞു പോയ ഇന്നലെകൾ നുളളി നോവിക്കുന്നു....
എങ്കിലും
കാത്തിരിക്കാം.. പുതിയ ഒരു നാളേക്കായ്
നവ ലോകത്തിനായ് ....

# പ്രകൃതിയിലൂടെ



SAHAD P
3rd BA History

കോവിഡ് രൂക്ഷമാകുമ്പോഴും കോവിഡാനന്തര ലോകത്തെ കാത്തുനിൽക്കാതെ മനുഷ്യൻ മുന്നേറാനുള്ള ശ്രമത്തിലാണ്. സ്കൂളുകളുംകലാലയങ്ങളും സ്തംഭിച്ചതോടെ കലണ്ടറിലെ പ്രഥമ ദിനാഘോഷങ്ങളും കുറഞ്ഞിരിക്കുന്നു.

ജൂൺ 5 കോവിഡ് വർഷത്തെ ലോകപരിസ്ഥിതി ദിനം. കഴിഞ്ഞ വർഷം വരെ പ്രകൃതിക്ക് വേണ്ടി, സ്കൂളുകളും സംഘടനകളും വൃക്ഷതൈ വിതരണം നടത്തിയിരുന്ന ആഘോഷകരമായ ദിനം. ഈ വർഷം ആഘോഷങ്ങൾ ഇല്ലെങ്കിലും പ്രകൃതി മുൻപത്തേതിനേക്കാൾ സുരക്ഷിതയാണ്.

ഈ വർഷവും സംസ്കാരിക സമിതിയുടെ നേതൃ



ത്വത്തിൽ പരിസ്ഥിതി ആഘോഷങ്ങൾ നടത്തുകയുണ്ടായി. നാളേക്കൊരു തണൽ എന്ന ഈ പദ്ധതിയിൽ എനിക്കും പങ്കാളിയാകാൻ സാധിച്ചു. വീടിന്റെ പരിസരങ്ങളിൽ മാവ്, മഹാഗണി, ആര്യവേപ്പ്, തേക്ക് തുടങ്ങിയ തൈകളും മറ്റ് ചെടികളും നട്ടുപിടിപ്പിക്കുക എന്നതായിരുന്നു ഈ പദ്ധതിയുടെ ലക്ഷ്യം.

ഇന്ന് ലോകം നേരിട്ട് കൊണ്ടിരിക്കുന്ന വായുമലിനീകരണം പോലുള്ള നിരവധി പാരിസ്ഥിക പ്രശ്നങ്ങൾക്ക് പൂർണ പരിഹാരം സാധ്യമല്ലെങ്കിലും സസ്യ സംരക്ഷണം വഴി ആഗോള പാരിസ്ഥിതിക സന്തുലനവും കാലാവസ്ഥാ സുസ്ഥിരതയും ഉറപ്പാക്കാൻ സാധിക്കുമെന്നത് സംശയാതീതമായ വസ്തുതയാണ്.

ഭൂമി സർവ്വ ചരാചരങ്ങളുടേതുമാണ്. ഭൂമിയെയും ഇവിടത്തെ ഓരോ ജീവജാലങ്ങളെയും സംരക്ഷിക്കാൻ നാം ഓരോരുത്തരും ബാധ്യസ്ഥരാണ്. ഇത് നമ്മുടെഉത്തരവാധിത്വവും കടമയുമാണ്. ഈ ഒഴിവുകാലം കോവിഡ് മുക്ത ലോകത്തിനായി പ്രാർത്ഥിക്കുന്നതിനോടൊപ്പം സഹജീവി സ്നേഹം വളർത്താനും ഉപകരിക്കട്ടെ •

# ഞാൻ




BINSIYA V
2nd BA History

ഭയക്കുന്നു ഞാൻ നാൽ ചുവരിനെ,
ഇരുട്ടിനെ, ഓർമ്മയെ
വാത്സല്യമായെണ്ണിയ, സ്നേഹമായെണ്ണിയ,
നൈർമല്യമായെണ്ണിയ കാപട്യത്തെ.
പുച്ഛമാണെനിക്ക് പെണ്ണുടലിനെ കാറുന്ന കണ്ണാൽ
കൂരമ്പെയ്യുന്ന
സമൂഹമെന്ന പേരേറ്റ നപുംസകത്തെ
താങ്ങിയ വഴിയും, പിന്നിട്ട കാഴ്ചയും,
കൈയൊഴിഞ്ഞ സ്വപ്നവും ആത്മാവിൻ തേങ്ങലും
പഠിപ്പിച്ചതിത്ര മാത്രം....
" വിശ്വാസമത്രേ.. സഹനമത്രേ... "
എന്നിലെ എന്നെ തളർത്തിയത്... അമർത്തിയത് ..
തന്ത്രികൾ പൊട്ടിപ്പിളർന്നോരീ ഹൃദയവും
നാദധ്വനികൾ നിലച്ചൊരീ യുടലും മാത്രമാണെൻ
സ്വത്വമെങ്കിലും മനസ്സിലെനിക്ക് വിഷത്തിനോ
കയറിനോ
കത്തിമുനക്കോ കനലിനോ! ഇരയായ്
ധരണിയിലമരാൻ.
ശാപമയ്, രോഷമായ് പക വീട്ടണമെങ്കിലും
കടയ്ക്കൽ കത്തിവെക്കാനുണ്ട്
ബന്ധനങ്ങളും, കടപ്പാടും." ...
വീണ്ടുമൊതുങ്ങുന്നു സഹിക്കുന്നു ഞാൻ
ആർക്കു വേണ്ടി? എനിക്കാണോ?... അല്ലേയല്ല.
തോന്നുന്നുവോ പെൺബുദ്ധി പിൻബുദ്ധിയെന്ന് ?...



**ANAND KRISHNA**
**2nd BA History**





**UNNIMAYA KP**
**1st BA History**



JASNI NK
3rd BA History

# ഇരുട്ട്

ആര് വിധിച്ചു ഈ ഭൂമിയിൽ
ഇരുട്ടിൻ നിറം കറുപ്പാണെന്ന്?
ആര് എഴുതി ഈ ഭൂമിയിൽ
ഇരുട്ടിന് വെളിച്ചമില്ലെന്ന്?
വിധി കർത്താവെ നിനക്ക് തെറ്റി,
ഞാനറിഞ്ഞ ഇരുട്ടിന് എന്നും വെളിച്ചമാണ്.
ഉറക്കമില്ലാത്ത എന്റെ രാത്രികളിൽ
അവയ്ക്ക് നിറം കറുപ്പായിരുന്നില്ല.
എന്റെ പ്രതീക്ഷകൾക്ക് ബലം നൽകിയതും
എന്നിൽ സ്വപ്നങ്ങൾ പകർന്നതും.
ഉറക്കമില്ലാത്ത രാത്രികളിൽ  ഇരുട്ടേ....
നീ തന്നത് വെളിച്ചമായിരുന്നു.
നിൻ വെളിച്ചമാസ്വദിക്കാത്ത
സ്വാർത്തരാം മനുഷ്യക്കോലങ്ങൾ
വാഴും ഈ ഭൂമിയിൽ
അവർ പറഞ്ഞിരിക്കാം
അവൾക്കു നിറം കറുപ്പാണെന്ന്.



**SHAMID K P**
**1st BA History**

# അകവും പുറവും

"ടീ.. അവൻ നിന്നെ തന്നെയാ
നോക്കുന്നെ.."
"എന്നെയോ... "
"അതെ.. നിന്നെ തന്നെ... "
"ഹോ... ഞാനീ മാസ്ക്കൊന്ന്
അഴിച്ചേക്കാം.."
"എന്റെ കണ്ണിനേക്കാൾ അഴക് എന്റെ
മറുകിനാ... "
"ദേ അവൻ പോയി "



ASWATHI N
2nd BA History

# നിനക്കായ്

ഏകയായി ഞാനെന്റെ ജീവിത പാതയിൽ
ആരെയോ
കാതോർത്തു നിൽപ്പൂ.
ഇനിയും വസന്തങ്ങൾ എന്നെ തലോടാനായ്
എവിടെയോ കാത്തിരിക്കുന്നു.
ഇനിയും വരാതെ നീ
എന്തിനെൻ ഹൃദയത്തെ
കാതരയായ്  നിർത്തുകയാണോ?
എങ്കിലും ഞാനെന്റെ
പ്രണയം മുഴുവനും
നിനക്കായ് കാത്തുവയ്ക്കുന്നു.
എൻ സഖി നീയെന്റെ
ആനന്ദമാം പാതയാകുന്നു.
ഇന്നീ പാതയിൽ
ഞാൻ നിൻ സ്വരത്തിനായി എന്നും മൂകനാണ്
നിൽപ്പൂ.
എന്നിലെ നിന്നെ നീ
എന്തെ അറിയാതെ പോയി.

# ബോട്ടിൽ ക്രാഫ്റ്റ്



മനസ്സിനെ മരവിപ്പിച്ച കാലത്തിലൂടെ കടന്ന് പോയപ്പോൾ സമയം അധികമായും ദിനങ്ങൾ ശൂന്യമായതും തിരക്കൊഴിഞ്ഞതുമായി മാറി. ആ ശൂന്യതയിൽ നിന്നും എന്നെ ഉണർത്തിയത് കടലാസുകളും ഒഴിഞ്ഞ കുപ്പികളുമായിരുന്നു. കവിതകളും ചിത്രങ്ങളും കടലാസിൽ നിറയ്ക്കുന്നതിലൂടെയും കുപ്പികളിൽ വർണങ്ങൾ തീർക്കുന്നതിലൂടെയും ഈ ഒഴിവു കാലം ആനന്ദകരമാക്കി മാറ്റി. എന്റെ ഓരോ നിർമ്മിതിയും പ്രകൃതിയോടുള്ള ക്ഷമാപണവും സർവേശ്വരനോടുള്ള പ്രാർത്ഥനയുമാണ്. അവ സ്നേഹത്തിന്റെ പ്രതീകവും ദൈവത്തിന്റെ കയ്യൊപ്പുമാണ് ●



**SAFOORA**
**3rd BA History**

# തിരകൾക്കപ്പുറം



**ABIDA JUMANA**
**1st BA HISTORY**

ഏറെ ദിവസത്തെ അലച്ചിലിനൊടുവിൽ ആണ് അവർ അവിടെ എത്തിച്ചേർന്നത്. ഒരിക്കലും ഒരു തിരിച്ചുവരവ് ആഗ്രഹിക്കാത്ത അവിടേക്ക് വീണ്ടും സാഹചര്യം അവളെ കൊണ്ടെത്തിച്ചു. പുറമേ ശാന്തമാണെങ്കിലും ഉള്ളം സംഘർഷഭരിതമായിരുന്നു. എങ്ങനെ അയാളെ നേരിടും എന്ന ചിന്ത അവസാനം അവളെ കൊണ്ടെത്തിച്ചത് ഇവിടേക്കായിരുന്നു. സാറെ കാണണമെന്ന് പറഞ്ഞപ്പോൾ മൂലയിലെ ഒരു ബെഞ്ചിലേക്ക് ചൂണ്ടിയിട്ട് അവിടെ ഇരിക്ക് വിളിക്കാമെന്ന് പറഞ്ഞ് അയാൾ ഇൻസ്പെക്ടറുടെ കാബിനിലേക്ക് കയറിപ്പോയി. മറ്റ് പോലീസുകാർ ആകട്ടെ ഏതോ നികൃഷ്ട ജീവിയെ നോക്കുന്നതു പോലെയാണ് തന്നെ നോക്കുന്നതെന്ന് അവൾക്ക് തോന്നി. അവൾ മകളെ തന്നിലേക്ക് അടുപ്പിച്ച് അവളുടെ നെറുകയിൽ ചുണ്ടുകൾ പതിപ്പിച്ചു....

' വർഷങ്ങൾക്കു മുന്നേ ഇതുപോലൊരു പോലീസ് സ്റ്റേഷനിൽ രക്തക്കറ പടർന്ന വസ്ത്രവുമായി ഇങ്ങനെയൊരു ബെഞ്ചിൽ.....'

ആ ഒരു നിമിഷം അവൾ തന്റെ ഓർമ്മകളിലേക്ക് പോയി. പെട്ടെന്നാണ് അകത്തു നിന്നും വിളി വന്നത്. അയാൾ ഗൗരവത്തോടെ ചോദിച്ചു "എന്താ നിന്റെ പേര്?"

അവൾ തലയുയർത്തി അയാളെ നോക്കി ശബ്ദം ഇടറാതെ ഇരിക്കാൻ നന്നേ പാടുപെട്ടു കൊണ്ട് അവൾ പറഞ്ഞു "ദേവി".

"ഹും..പോയി കണ്ടോ.." അയാൾ ഇൻസ്പെക്ടറുടെ ക്യാബിനിലേക്ക് ചൂണ്ടിക്കൊണ്ട് പറഞ്ഞു. വാതിൽക്കലെത്തി ഒരു നിമിഷം അവൾ നിന്നു എല്ലാ ധൈര്യവും സംഭരിച്ച് അവൾ അകത്തേക്ക് കയറി.

"എന്താ നിന്റെ ഇപ്പോഴത്തെ പ്രശ്നം?"

ഇൻസ്പെക്ടർ പരിചിത ഭാവത്തോടെ ചോദിച്ചു. അവൾ മകളെ നോക്കിയ ശേഷം പറഞ്ഞു.

"ഇവളുടെ ഭാ വിയാണ് സാർ."

"ഇവളുടെ ഭാവിക്ക് എന്താ കുഴപ്പം?" ഇൻസ്പെക്ടർ അല്പം ഈർഷ്യയോടെ ചോദിച്ചു.

"എനിക്കയാളെ വിശ്വാസമില്ല സാർ... മകളെയും അയാൾ...... "

പാതിയിൽ അവളുടെ വാക്കുകൾ മുറിഞ്ഞു.

"മോൾക്ക് വല്ല പ്രശ്നവും ഉണ്ടോ?"

ഇൻസ്പെക്ടർ കുട്ടിയോടു ചോദിച്ചു. അവൾ അയാളെ നോക്കിയതിനുശേഷം മറുപടി പറയാതെ അമ്മയെ നോക്കി.

"അവൾ കൊച്ചുകുട്ടിയല്ലേ സാർ.. "

അവൾ പറഞ്ഞു. ഇൻസ്പെക്ടർ ഏറെ ആ ലോചനയ്ക്ക് ശേഷം പറഞ്ഞു.

"മിസ് ദേവി നിങ്ങളുടെ ഭർത്താവിന്റെ പരാതിയിൽ നിങ്ങൾ മകളെയും കൊണ്ട് കടന്നു കളയുകയാണ് എന്നാണ്. പക്ഷേ അത് ഞങ്ങൾ മുഖവിലക്കെടുക്കുന്നില്ല. എന്നാൽ നിങ്ങൾ ഒരു കാര്യം മനസ്സിലാക്കണം. നിങ്ങൾ ഇങ്ങനെ ഊഹിക്കുന്നത് ശരിയല്ല നിങ്ങളുടെ ഭർത്താവ് സമൂഹത്തിലെ അറിയപ്പെടുന്ന ഒരു വ്യക്തിയാണ് അയാൾക്ക് ഒരു വ്യക്തിത്വം ഉണ്ട് എന്ന കാര്യം നിങ്ങൾ ഓർക്കണം."



വ്യക്തിത്വം, വ്യക്തിത്വം അവൾ ഉരുവിട്ടുകൊണ്ടിരുന്നു. സാരിത്തലപ്പു കൊണ്ട് മുഖം തുടച്ച് ആത്മവിശ്വാസം വീണ്ടെടുത്തു കൊണ്ട് അവൾ പറഞ്ഞു..

"എന്റെ കഥ സാറിന് അറിയാമല്ലോ എന്റെ ജീവിതം ഈ അവസ്ഥയിൽ കൊണ്ടെത്തിച്ച മനുഷ്യനാണ് അയാൾ. നിഷ്ളങ്കയായ എന്നെ അയാൾ കൊലപാതകിയാക്കി. ആ മനുഷ്യനെ ആണോ സാർ മാന്യൻ എന്ന് പറഞ്ഞത്. എന്റെ കുഞ്ഞിനെ അയാൾക്ക് വിട്ടുകൊടുക്കാൻ നിക്കാവില്ല. ഒരു അമ്മയുടെ ആധി സാർ മനസ്സിലാക്കണം.."

ഇൻസ്പെക്ടറുടെ മുഖം സൗമ്യമായി.

"നിങ്ങളുടെ ആത്മസംഘർഷം ഞാൻ മനസ്സിലാക്കുന്നു." ഇൻസ്പെക്ടർ കണ്ണടച്ച് കസേരയിലേക്ക് ചാഞ്ഞു. ഇൻസ്പെക്ടറുടെ സമ്മതത്തോടെ അവൾ മുറിയിൽ നിന്നും പുറത്തേക്കിറങ്ങി. നേരം സന്ധ്യയായി വരാനുള്ള ഇരുട്ടിനെ കുറിച്ച് ചിന്തിച്ചപ്പോൾ അവൾക്ക് ആധിയായി. അവൾ മകളെ തന്നോട് ചേർത്ത് പിടിച്ച് നടന്നു.

ഏഴുവർഷത്തെ തടവിനു ശേഷം ഉള്ള പുറത്തെ സ്വാതന്ത്ര്യം തടവറയെക്കാൾ ഭീകരമായി തോന്നി. തന്നെ ഒരു കുറ്റവാളിയെ പോലെയാണ് മകളും കാണുന്നത്. അവളുടെ തിരിച്ചറിവിന് മുന്നേ ആണ് ആ സംഭവം നടക്കുന്നത്. അതിന്റെ നിച സ്ഥിതി എന്താണെന്ന് ഇന്നും അവളെ അറിയിച്ചിട്ടില്ല.

സായന്തനത്തിൽ അരങ്ങേറിയ ഒരു മദ്യസേവയുടെ ക്ലൈമാക്സാണ് തന്റെ ജീവിതം മാറ്റിമറിച്ചത്. ഇരുട്ട് നിറഞ്ഞ ഒരു മുറിയിൽ സ്വന്തം ഭർത്താവിന്റെ ഒത്താശയോടെ ഒരപരിചിത പുരുഷൻ തന്റെ സ്ത്രീതത്തെ അപമാനിക്കാൻ ശ്രമിച്ചപ്പോൾ ആദ്യം തളർന്നെങ്കിലും. പിന്നീട് ഒന്നും ചിന്തിക്കാൻ ഉണ്ടായിരുന്നില്ല.കയ്യിൽ കിട്ടിയത് കൊണ്ട് അയാളെ തുരുതുരെ കുത്തി രക്തം ചീറ്റിച്ചു..'

അവർ കടൽക്കരയിൽ എത്തി വിജനമായ കടൽതീരം. സന്ദർശകർ ഒട്ടുംതന്നെ ഉണ്ടായിരുന്നില്ല. മകളുടെ കൈ പിടിച്ച് അവൾ കടൽത്തീരത്തേക്ക് നടന്നു.തിര കണ്ടപ്പോൾ മകൾക്ക് ആവേശമായി അവൾ തിരയിലേക്ക് ഇറങ്ങി. അമ്മ മകളുടെ കൈ പിടിച്ച് തീരങ്ങൾക്ക് അപ്പുറത്തെ ആഴങ്ങളിലേക്ക് നടന്നിറങ്ങി.....

# GAIETIES 🥰







# THANKS